Settlement-ന്റെഭാഗമായിട്ടാണ് ആ റഫറണ്ടം നടത്തുന്നതെന്നുണ്ടെങ്കിൽ ഐ.ഡി. ആക്ട് അനുസരിച്ച് Conciliation Settlement 6 മാസം കഴിഞ്ഞ് നോട്ടീസ് കൊടുത്ത് റദ്ദാക്കാൻ ബന്ധപ്പെട്ട ട്രേഡ് യൂണിയന് അവകാശമുണ്ട്. അതനുസരിച്ച് ആ സെറ്റിൽമെന്റ് ദുർബലപ്പെടുത്തുന്നതാണ്. അത് വല്ലാത്ത ഒരു പൊസിഷനാണ്. ഒരു യൂണിയനിലെ 70 ശതമാനമോ 80 ശതമാനമോ ആളുകളെ വെളിയിൽ നിർത്തികൊണ്ടുള്ള ഒരു നടപടി ഒരിക്കലും ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. അതിനെ സംബന്ധിച്ച് ഗവൺമെന്റ് നിയമനിർമ്മാണം നടത്താൻ ആഗ്രഹിക്കുന്നു. ട്രേഡ് യൂണിയൻ റെക്കഗ്നിഷൻ ബിൽ 1980-ൽ ഞാൻ മന്ത്രിയായിട്ടിരിക്കുമ്പോഴാ തുടങ്ങിയതാണ്. ആ ബിൽ വീണ്ടും വീണ്ടും വന്ന് അവസാനം ബഹുമാനപ്പെട്ട പങ്കജാക്ഷൻ മന്ത്രിയായിരിക്കുമ്പോഴാ എല്ലാ സെൻട്രൽ ട്രേഡ് യൂണിയനുകളെയും വിളിച്ചുകൂട്ടി ചർച്ച ചെയ്തത് എടുത്ത തീരുമാനം 15 ശതമാനമെന്നാണ്. ഫെഡറേഷനാണെങ്കിൽ 10%. ഇൻഡിവിഡുവൽ സ്ഥാപനമാണെങ്കിൽ 15% അത് സ്റ്റേറ്റ്വൈഡായിട്ട് ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളുണ്ടെങ്കിൽ 10% ഇതാണ് സെൻട്രൽ ട്രേഡ് യൂണിയൻ അംഗീകരിച്ചത്. ഇത് 1990-ൽ ശ്രീ. പങ്കജാക്ഷൻ മന്ത്രിയായിരുന്നപ്പോഴാ അംഗീകരിച്ചതായിട്ടാണ് ഈ ഫയലിൽ കാണുന്നത്. ഏതായാലും ഇക്കാര്യത്തിൽ നിയമപരമായി ഒന്നും ചെയ്യാൻ ഗവൺമെൻറിനില്ല. ചെയ്യേണ്ടത് ബന്ധപ്പെട്ട ട്രേഡ് യൂണിയനാണ്. അവർ അതനുസരിച്ച് പ്രവർത്തിക്കുകയാണ്. അത് ഡിസ്പ്യൂട്ടാക്കിയാൽ ലേബർ ഡിപ്പാർട്ടുമെന്റിലെ Conciliation ആഫീസർമാർ ഇടപെട്ട് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുകയും ചെയ്യും.

II സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കണമെന്ന ആവശ്യം

ശ്രീ. പി. രാഘവൻ : സർ, നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ചൂഷണത്തിന് വിധേയമായിട്ടുള്ള ഒരു വിഭാഗമാണ് സ്വകാര്യ ആശുപത്രിജീവനക്കാർ. അവരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നടത്തിയ സമരത്തിന്റെ ഫലമായി മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയമിക്കുകയും കമ്മിറ്റിയുടെ റിപ്പോർട്ട് ഡിസംബർ മാസത്തിൽ ഗവൺമെൻറിന് സമർപ്പിക്കുകയും ചെയ്തു. ആ റിപ്പോർട്ടുപ്രകാരം മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് ഗവൺമെൻറിന്റെ ഭാഗത്തു നിന്നും നടപടി ഉണ്ടായിട്ടില്ല. അതുപോലെ അവർക്ക് ക്ഷേമനിധി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിയമസഭയിൽ ഒരു ബിൽ കൊണ്ടുവന്നപ്പോഴാ മന്ത്രി പറഞ്ഞത് അങ്ങനെ ഒരു ബിൽ ഗവൺമെൻറിന്റെ ഭാഗത്തുനിന്നും കൊണ്ടുവരാൻ പോകുന്നു അതുകൊണ്ട് എന്റെ ബിൽ പിൻവലിക്കണമെന്നാണ്. ഇത് നടപ്പിലാക്കാനുള്ള യാതൊരു നടപടിയും ഗവൺമെൻറിന്റെ ഭാഗത്തു നിന്നുണ്ടായിട്ടില്ല. ഈ ജീവനക്കാരുടെ സമരം സെക്രട്ടേറിയറ്റിനു മുമ്പിൽ നടക്കുകയാണ്. അതുകൊണ്ട് മിനിമം വേജസ് നടപ്പിലാക്കാനുള്ള നടപടിയും ക്ഷേമനിധി നടപ്പിലാക്കാനുള്ള നടപടിയും സ്വീകരിക്കണം.

തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേജസ് പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ ഗവൺമെൻറ് വച്ചു. പക്ഷേ ആ കമ്മിറ്റി പറഞ്ഞ സമയത്ത് ഗവൺമെൻറിന് റിപ്പോർട്ടു തന്നില്ല. കുറച്ചു താമസിച്ചാണ് റിപ്പോർട്ടു കിട്ടിയത്. മിനിമം വേജസ് ആക്ട് അനുസരിച്ച് മിനിമം വേജസ് നോട്ടിഫൈ ചെയ്യണമെന്നുണ്ടെങ്കിൽ മിനിമം വേജസ്

LIBRARY ARCHIVES Kerala Legislative Assembly

അഡ്വൈസറി ബോർഡിനു പോകണം. അതിപ്പോൾ അഡ്വൈസറി ബോർഡിലേക്ക് പോകുന്ന സ്റ്റേറ്റേജിലാണ്. അഡ്വൈസറി ബോർഡിന്റെ അഡ്വൈസ് കിട്ടിയശേഷം മാത്രമേ മിനിമം വേജസ് ആക്ട് അനുസരിച്ച് സർക്കാരിന് ഫൈനൽ നോട്ടിഫിക്കേഷൻ ഇഷ്യു ചെയ്യാനുള്ള അധികാരമുള്ളു. ഇപ്പോൾ അതിന്റെ പ്രോസസിലാണ്. അഡ്വൈസറി ബോർഡിന്റെ അഡ്വൈസ് കിട്ടിക്കഴിഞ്ഞാലുടനെതന്നെ മിനിമം വേജസ് നോട്ടിഫൈ ചെയ്യുമെന്ന് മെമ്പർക്ക് ഉറപ്പ് നൽകുകയാണ്. സർക്കാരിന്റെ ഭാഗത്തുനിന്നും കാലതാമസമുണ്ടായില്ല. രണ്ടാമത് പറഞ്ഞത് ക്ഷേമനിധിയെ സംബന്ധിച്ചാണ്. ഇതു സംബന്ധിച്ച് ഒരു നിയമ നിർമ്മാണം നടത്താൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ആ കാര്യം ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. അത് ഞാൻ നിയമസഭയിൽ നേരത്തെ പറഞ്ഞതാണ്, അതിന്റെ ഡ്രാഫ്റ്റ് ആയിക്കഴിഞ്ഞു. അത് കൺകറന്റ് ലിസ്റ്റിലായതുകൊണ്ട് സെൻട്രൽ ഗവൺമെന്റിന്റെ അനുവാദം ആവശ്യമാണ്. അങ്ങ് കഴിഞ്ഞ പ്രാവശ്യം സബ്മിഷൻ കൊണ്ടുവന്ന അവസരത്തിൽ അടുത്ത നിയമസഭയിൽ കൊണ്ടുവരാമെന്ന് ഞാൻ പറഞ്ഞിട്ടില്ല. അത് ഗവൺമെന്റ് ഉണ്ടാക്കും. ഗവൺമെന്റ് ആലോചിക്കുമെന്ന് പറഞ്ഞത് ശരിയാണ്. ഗവൺമെന്റ് അത് ഡ്രാഫ്റ്റ് ചെയ്തിട്ടുണ്ട്. അതിന്റെ നടപടികൾ തുടർന്നു വരുന്നുവെന്ന് മാത്രം ഞാൻ അറിയിക്കുകയാണ്.

(12) മങ്കട പ്രൈമറി ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥ

ശ്രീ. കെ. പി. എ. മജീദ് : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട മങ്കട പ്രൈമറി ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടു വരികയാണ്. ഇതിന്റെ കീഴിൽ വരുന്ന പഞ്ചായത്തിലുള്ള എല്ലാ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും മൊത്തത്തിലുള്ള ചുമതല ഈ ബ്ലോക്ക് പി. എച്ച്. സി. യ്ക്ക് ആണ് ഉണ്ടായിരുന്നത്. ഈ പി. എച്ച്. സി. യിൽ ഐ. പി. പി. മുഖേന വരുന്ന സ്ത്രീകൾക്കു മാത്രമായി ഒരു ബ്ലോക്ക് ഉണ്ടായിരുന്നു. നേരത്തെ അവിടെ നാല് ഡോക്ടർമാരുണ്ടായിരുന്നു. ഇപ്പോൾ രണ്ട് ഡോക്ടർമാരാണുള്ളത്. ലേഡി ഡോക്ടർ ഇല്ലാത്തതുകൊണ്ട് സ്ത്രീകൾക്ക് മാത്രമായിട്ടുള്ള വാർഡിൽ സ്ത്രീകളെ അഡ്മിറ്റ് ചെയ്യാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. കൂടിവെള്ള പ്രശ്നത്തിലും മറ്റ് കാര്യത്തിലുമെല്ലാം മുൻകൈയെടുത്ത് പ്രശ്നങ്ങൾ തീർത്തുവെങ്കിലും അത്യാവശ്യം വേണ്ട ഡോക്ടർമാർ ഇല്ലാത്തതുകൊണ്ട് വളരെ പ്രയാസമുണ്ടായിട്ടുണ്ട്. പ്രത്യേകിച്ച് ലേഡി ഡോക്ടർമാർ ഇല്ലാത്തതുകൊണ്ട് നിലവിലുള്ള വാർഡ് തന്നെ പൂട്ടിക്കിടക്കുന്ന ദുരവസ്ഥയാണ് വന്നിട്ടുള്ളത്. ആവശ്യത്തിന് ഡോക്ടേഴ്സിനെ നിയമിക്കാനും അവിടെയുള്ള ഇന്നത്തെ പോരായ്മ പരിഹരിക്കാനും ആവശ്യമായിട്ടുള്ള അടിയന്തിര നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ) : സർ, അങ്ങ് പറഞ്ഞ കാര്യം വളരെ ഗൗരവമായിട്ട് തന്നെ എടുത്തിട്ടുണ്ട്. മങ്കട പി.എച്ച്.സി. യിൽ നേരത്തെ 4 ഡോക്ടർമാരുണ്ടായിരുന്നു. അതിൽ രണ്ട് പേരെ 30-8-1994-ൽ മറ്റ് പി.എച്ച്.സി. യിലേക്ക് ടെമ്പററിയായിട്ട് ഷിഫ്റ്റ് ചെയ്തതായിട്ടാണ് കാണുന്നത്. ഒരുപക്ഷേ അവിടെ 4 ഡോക്ടർമാരുടെ ആവശ്യമില്ലെന്നു കണ്ടതുകൊണ്ടായിരിക്കും. അതല്ലെങ്കിൽ മറ്റ് സ്ഥലങ്ങളിൽ ആവശ്യം വന്നതുകൊണ്ടാകും. എന്തായാലും അങ്ങയുടെ അഭ്യർത്ഥന മാനിച്ചുകൊണ്ടും ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്തുകൊണ്ടും അവിടെ നിന്നും മാറ്റിയ തസ്തിക ഇനി മടക്കിക്കൊടുക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly